8. കടാശ്വാസ പദ്ധതിയിൻകീഴിൽ 6 മാസത്തെ മോറട്ടോറിയം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

9. പിരിഞ്ഞുപോകുന്ന സഹകരണ സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

10. കയർ സഹകരണ സംഘങ്ങളിൽ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കയർ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് നൽകും.

(ഡി) കയർഫെഡ് സംഘങ്ങൾക്ക് നൽകുവാനുണ്ടായിരുന്ന 6.5 കോടി രൂപ സർക്കാർ അനുവദിച്ചുനൽകി. കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി. മറ്റു വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2014-15 വർഷത്തെ ബജറ്റിൽ കയർ വകുപ്പിൽ വിനിയോഗിച്ച തുക

194 (1227) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 മുതൽ ഓരോ വർഷവും ബജറ്റിൽ കയർ വകുപ്പിന് പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തിയ തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ ;

(ബി) 2014-15 വർഷം കയർ വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന വിഹിതമായി നിർദ്ദശിച്ച തുകയെത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നും വ്യക്തമാക്കുമോ ;

(സി) 2014-15 വർഷത്തെ ബജറ്റിൽ കയർ വകുപ്പ് വിനിയോഗിച്ച തുക എത്ര : വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*

(ബി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള 'വിപണി വികസന സഹായം' (Market Development Assistance – MDA)എന്ന പദ്ധതിയാണ് 2014-15 വർഷം കയർ വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശിച്ച കേന്ദ്രാവിഷ്കൃത പദ്ധതി. കേന്ദ്ര വിഹിതമായി 5 കോടി രൂപയും സംസ്ഥാന വിഹിതമായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 10 കോടി രൂപയാണ് കേന്ദ്ര-സംസ്ഥാന വിഹിതമായി നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത തുക പൂർണ്ണമായും ചെലവാക്കി.

(സി) 2014-15 വർഷത്തെ ബജറ്റിൽ കയർ വകുപ്പ് 64,35,44,632 രൂപ വിനിയോഗിച്ചിട്ടുണ്ട്.

സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം

195 (1228) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് ; പ്രസ്തുത സാധനങ്ങളുടെ ഇപ്പോഴത്തെ വിലയെത്രയാണ് ; പ്രസ്തുത നിരക്ക് വർദ്ധിപ്പിക്കാൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ വില എപ്രകാരമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം സബ്സിഡി സാധനങ്ങളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ; ഓരോ പ്രാവശ്യത്തെയും പുതുക്കിയ വില വ്യക്തമാക്കുമോ ;

(സി) സബ്സിഡി നൽകിയ വകയിൽ എത്ര രൂപയാണ് സർക്കാർ കോർപ്പറേഷന് നൽകാനുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.